# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3853      19.03.2018-ൽ മറുപടി നൽകേണ്ടത്

## വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ പ്രമോഷൻ

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി ) | |
|---|---|---|---|
| (എ ) | വി.എച്ച്.എസ്.ഇ. വകുപ്പിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ പ്രമോഷൻ സംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ ) | വി.എച്ച്.എസ്.ഇ. വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾ ( 12.03.2004 ലെ സ.ഉ (പി) നം.80/2004/പൊ.വി.വ ) പ്രകാരം വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയിൽ നിന്ന് വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്ക് 2 : 1 : 7 എന്ന അനുപാതത്തിൽ ചുവടെ ചേർക്കുന്ന ക്രമത്തിലാണ് സ്ഥാനക്കയറ്റം നൽകുന്നത്.<br>I) സബോർഡിനേറ്റ് സർവീസിലുള്ള യോഗ്യരായ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരിൽ നിന്ന് ബൈ ട്രാൻസ്ഫർ നിയമനം<br>II) സബോർഡിനേറ്റ് സർവീസിലുള്ള യോഗ്യരായ മിനിസ്റ്റീരിയൽ ജീവനക്കാരിൽനിന്ന് ബൈ ട്രാൻസ്ഫർ നിയമനം.<br>III) നേരിട്ടുള്ള നിയമനം. |
| (ബി ) | പ്രസ്തുത വകുപ്പിൽ വൊക്കേഷണൽ ഇൻസ്ട്രക്ടർമാരുടെ കമ്പയിൻഡ് ഗ്രഡേഷൻ ലിസ്റ്റിൽ സീനിയർ ആയ ഇൻസ്ട്രക്ടർക്ക് നിലവിൽ വൊക്കേഷണൽ ഇൻസ്ട്രക്ടറായി ജോലി നോക്കുന്ന വിഷയത്തിലല്ലാതെ മറ്റു വിഷയങ്ങളുടെ വൊക്കേഷണൽ ടീച്ചർ തസ്തികയിലേക്ക് യോഗ്യതയുടെ അടിസ്ഥാനത്തിൽ പ്രമോഷൻ നൽകുന്നതിന് തടസ്സമുണ്ടോ; ഇല്ലെങ്കിൽ നാളിതുവരെ എത്രപേർക്ക് ഇത്തരത്തിൽ പ്രമോഷൻ അനുവദിച്ചിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും പ്രസ്തുത പ്രമോഷന്റെ നടപടികൾ നിലവിൽ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ? | (ബി) | വിവരം ശേഖരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ